THE FAMILY PLANNING ASSOCIATION OF INDIA
TRIVANDRUM

# അമ്പലപ്പുഴ പാല്പായസവും അല്പം കണക്കും

ഡോ: കെ. ഭാസ്കരൻ നായർ

''സമ്പൽ പരമ്പര പരം പരിവൃദ്ധമാക്കി
മുമ്പമ്പലപ്പുഴ ഭരിച്ചു ധരാനിലിമ്പൻ
തുമ്പഞ്ചു കമ്പമെഴുമമ്പിളി കമ്പിളിക്കും
കമ്പിക്കു മാരുമിതി ചെമ്പകശേരി രാജാ.''

കേരളത്തിന്റെ നെൽപുരയെന്ന പേരുകേട്ട കുട്ടനാടൻ പ്രദേശങ്ങൾ ഉൾപ്പെട്ട ചെമ്പകശേരി രാജ്യം ഭരിച്ചിരുന്ന നമ്പൂതിരി രാജവംശത്തെപ്പററി സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള എഴുതിയ പ്രശംസയാണിതു്. ദേവനാരായണൻ എന്ന സ്ഥാനപ്പേരു സ്വീകരിച്ചിരുന്ന ഈ വംശത്തിൽ ചതുരംഗം കളിക്കുന്നതിൽ ഭ്രമമുള്ള ഒരു രാജാവുണ്ടായിരുന്നു. തന്റെ ബുദ്ധിശക്തിയിലും ധനധാന്യ സമൃദ്ധിയിലും അഹങ്കാരം പൂണ്ട ഈ രാജാവു് ഒരിക്കൽ പന്തയം വെച്ചുള്ള കളിയിൽ തന്നെ തോല്പിക്കുവാൻ മററു കളിക്കാരെ വെല്ലുവിളിച്ചു. വെറും സാധാരണക്കാരനായ ഒരു സാധുമനുഷ്യനാണു് വെല്ലുവിളി സ്വീകരിച്ചു് പന്തയത്തിൽ പങ്കെടുക്കുവാൻ വന്നതു്. അയാളെ കണ്ടപ്പോൾതന്നെ രാജാവിനു് അനുതാപം തോന്നി. ''നീയാരു്? എന്നെ തോല്പിക്കാൻ വന്നിരിക്കയാണോ? കൊള്ളാം! ഏതായാലും വരാൻ ധൈര്യപ്പെട്ടല്ലോ. എന്നെ തോല്പിച്ചാൽ എന്തുവേണം പന്തയം?''

8

Digitized by Kerala Sahitya Akademi

എതിരാളി രാജാവിനെ താണ വണങ്ങിക്കൊണ്ടു് മറുപടി പറഞ്ഞു: ''വലുതായിട്ടൊന്നും വേണ്ട. ഞാൻ തോററാൽ എന്റെ കയ്യിൽ തരാനൊന്നുമില്ല. അതറിഞ്ഞു വേണമല്ലോ പന്തയം ചോദിക്കാൻ. തിരുമേനി മഹാ പ്രഭുവാണു്, രാജാവാണു്. ഒരിക്കലും തോററിട്ടില്ലാത്ത കളി ക്കാരനുമാണു്. ഏതായാലും ഞാൻ ജയിക്കുകയാണെങ്കിൽ എനിക്കു് കുറെ നെന്മണികൾ തന്നാൽ മതി. 64 കളമുള്ള ചതുരംഗപ്പലകയിൽ ആദ്യത്തെ കളത്തിൽ ഒരു നെന്മണി വെയ്ക്കണം. രണ്ടാമത്തെ കളത്തിൽ രണ്ടു്. മൂന്നാമത്തേതിൽ നാലു്. നാലാമത്തേതിൽ എട്ടു്. അഞ്ചാമത്തേതിൽ പതി നാറു്. ആറാമത്തേതിൽ മുപ്പത്തിരണ്ടു്. ഇങ്ങനെ ഇരട്ടപ്പെരു ക്കത്തിൽ അറുപത്തിനാലു് കളവും പൂർത്തിയാക്കി കിട്ടുന്ന നെന്മണി മാത്രമേ ഞാൻ ചോദിക്കുന്നുള്ളു.''

ദേവനാരായണൻ പൊട്ടിച്ചിരിച്ചു. ''ഇതാണോ പ ന്തയം? ശരി. സമ്മതിച്ചിരിക്കുന്നു. കളിതുടങ്ങാം.''

തുടങ്ങി. ഒന്നുരണ്ടു് കരുനീക്കങ്ങൾ കണ്ടപ്പോൾ എതി രാളി താൻ വിചാരിച്ചതുപോലെ മോശക്കാരനല്ലെന്നു് രാജാവിനു മനസ്സിലായി. അദ്ദേഹം ആദ്യത്തെ ലഘുബുദ്ധി യെല്ലാം ഉപേക്ഷിച്ചു് നല്ലതുപോലെ ആലോചിച്ചുതന്നെ കളിക്കുവാൻ നിശ്ചയിച്ചു. എളുപ്പത്തിൽ ജയിക്കാമെന്നാണു് അദ്ദേഹം വിചാരിച്ചതു്. അതു് സാദ്ധ്യമല്ലെന്നു വളരെവേഗം ബോദ്ധ്യമായി. എന്നല്ല, കളി നീണ്ടുപോയപ്പോൾ എതിരാളി തന്നെ തോല്പിച്ചുകളയുമോ എന്ന ആശങ്കയും ഉണ്ടായി. പന്തയം സാരമില്ല; പക്ഷേ ഒരിക്കലും തോററിട്ടില്ലാത്ത കളിക്കാരൻ എന്ന തന്റെ യശസ്സിനു് ഹാനി തട്ടുമല്ലോ എന്നായിരുന്നു ഭയം.

അവസാനമായപ്പോൾ വളരെ വാശിയോടെ, തന്റെ ബുദ്ധിവൈഭവം മുഴുവനും പ്രയോഗിച്ചു്, എതിരാളിയെ തോല്പി ക്കുവാൻ ദേവനാരായണൻ ശ്രമിച്ചു. പഠിച്ചപണി പതിനെട്ടും നോക്കി. എങ്കിലും അദ്ദേഹം ഭയപ്പെട്ടതുപോലെ തന്നെ സംഭവിച്ചു. രാജാവു കളിയിൽ തോററു് അടിയറവു പറഞ്ഞു. എതിരാളിയുടെ നേർക്കു് അദ്ദേഹത്തിനു് അളവററ ആദരവു തോന്നി. നെന്മണിപ്പന്തയം പോരെന്നും വിലപിടിപ്പുള്ള സമ്മാനങ്ങൾ സ്വീകരിക്കണമെന്നും അദ്ദേഹം നിർബന്ധിച്ചു.




Digitized by Kerala Sahitya Akademi

താൻ സാധുവാണെങ്കിലും സത്യനിഷ്ഠയുള്ളവനാണെന്നും, പറഞ്ഞ വാക്കിൽനിന്ന് കടുകിട മാറുകയില്ലെന്നും, നെന്മണി മാത്രമേ തനിക്കു വേണ്ടു എന്നും എതിരാളി വിനയപൂർവ്വം ഉറപ്പിച്ചു പറഞ്ഞു. അനല്പമായ അത്ഭുതത്തോടെ രാജാവ് അതിന്നു വഴങ്ങി. നെല്ലു കൊണ്ടുവരുവാൻ ആജ്ഞാപിച്ചു.

കണക്ക് തെററരുതെന്നും ഓരോ കളത്തിലായി നെന്മണികൾ എണ്ണിവെയ്ക്കണമെന്നും എതിരാളി നിർബന്ധം പിടിച്ചു. അതും ഒരു കളിയെന്നു കരുതി രാജാവ് ചതുരംഗപ്പലകയിൽ പന്തയധാന്യം നിരത്തുവാൻ തുടങ്ങി. പക്ഷെ ആദ്യത്തെ പത്തുപന്ത്രണ്ടു കളങ്ങൾ പൂർത്തിയായപ്പോൾ തന്നെ നെല്ല് കളത്തിൽ കൊള്ളാതായി. ഓരോ മണികളായി എണ്ണുവാനും ബുദ്ധിമുട്ടു നേരിട്ടു. രാജാവിന്റെ പ്രയാസം കണ്ട് എതിരാളി: ''എണ്ണണമെന്നില്ല, ബാക്കിയുള്ളത് നിലത്ത് അളന്നു കൂട്ടിയാൽ മതി'' എന്നു പറഞ്ഞു.

ഉടനെ രാജസേവകന്മാർ അളവു തുടങ്ങി. പക്ഷെ നാഴിയും ഇടങ്ങഴിയും പറയും കൊണ്ടൊന്നും അളന്നാൽ തീരുക



ചതുരംഗപ്പലക



Digitized by Kerala Sahitya Akademi

യില്ലെന്നു് വളരെ വേഗം വ്യക്തമായി. 64 കളങ്ങളിൽ പകുതിപോലും ആകുന്നതിനുമുമ്പു് അളവും മതിയാക്കേണ്ടിവന്നു. പിന്നെ പത്തായങ്ങളുടെയും അറകളുടെയും നെല്പുരകളുടെയും എണ്ണം നോക്കി കണക്കു തികയ്ക്കുവാൻ ശ്രമിച്ചു. അതുകൊണ്ടും രക്ഷയില്ലെന്നു കണ്ടപ്പോൾ, കുട്ടനാട്ടിൻെറ അധീശനായ ദേവനാരായണൻ തൻെറ രാജ്യത്തുള്ള നെല്ലു മുഴുവനും പന്തയത്തിൻെറ കടം വീട്ടുവാൻ നീക്കിവെച്ചു. അതുകൊണ്ടും ഫലമില്ലെന്നു് അദ്ദേഹം ക്ഷണേന മനസ്സിലാക്കി. ഇരട്ടപ്പെരുക്കമാണു്. വല്ലവിധേനയും ഒരു കളം പൂർത്തിയാക്കി അടുത്തതിൽ പ്രവേശിക്കുമ്പോൾ അതിൻെറ ഇരട്ടി നെല്ലുവേണം. എന്തു ചെയ്യും! എവിടെ പോകും? തകഴിയും, പുളിങ്കുന്നും, കാവാലവും, കൈനകരിയും, തലവടിയും, കോഴിമുക്കും എന്നുവേണ്ട കുട്ടനാട്ടിലെ കരികളും കരകളും പാടശേഖരങ്ങളും എല്ലാം നീക്കിവെച്ചിട്ടും കളങ്ങൾ തീർന്നില്ല. രാജാവു് അന്ധാളിച്ചു. കളിക്കാരനെന്നുള്ള യശസ്സോ പോയി. വാഗ്ദാനംചെയ്ത പന്തയനെല്ലുപോലും കൊടുത്തുതീർക്കുവാൻ തനിക്കു് കഴിവില്ലെന്നു് ഒരു ഞെട്ടലോടെ ദേവനാരായണൻ മനസ്സിലാക്കി. ഈ ബോധോദയത്തിൽ ബുദ്ധിമാനെന്നും ധനവാനെന്നും ഉള്ള അദ്ദേഹത്തിൻെറ അഹങ്കാരം അസ്തമിച്ചു... കിരാതത്തിലെ അർജ്ജുനനെപ്പോലെ സർവ്വനാഡികളും തളർന്ന രാജാവു് എതിരാളിയുടെ മുഖത്തു് ദീനഭാവത്തിൽ നോക്കി. സാധുവായ ആ ചതുരംഗക്കാരൻെറ സ്ഥാനത്തു് പുഞ്ചിരിതൂകിക്കൊണ്ടു് നിൽക്കുന്ന സാക്ഷാൽ ശ്രീകൃഷ്ണനെയാണു് അദ്ദേഹം ആ സമയത്തു കണ്ടതു്. രാജാവു് ആ തൃച്ചേവടികളിൽ സാഷ്ടാംഗം പ്രണമിച്ചു് ക്ഷമായാചനം ചെയ്തു. 'പന്തയം തീർന്നു. എനിക്കു് ദിവസവും പാല്പായസം നിവേദിച്ചു് കടം വീട്ടുക'' എന്നു് കാരുണ്യപൂർണ്ണേക്ഷണനായി അരുളിച്ചെയ്തു് അനുഗ്രഹിച്ചശേഷം ഭഗവാൻ അന്തർധാനം ചെയ്തു.

ഇതാണു് അമ്പലപ്പുഴ പാല്പായസത്തിൻെറ കഥ. ആ നിവേദ്യം എത്രയോ മധുരമാണെങ്കിലും അതിൻെറ ഉത്ഭവത്തെക്കുറിച്ചുള്ള ഐതിഹ്യത്തിൽ അന്തർഭവിച്ചിട്ടുള്ള ഇരട്ടപ്പെരുക്കം എന്ന കണക്കു് അത്യന്തം ആപത്തുള്ളതാകുന്നു. 2 എന്ന സംഖ്യയെ തുടരെ 64 തവണ ഇരട്ടിച്ചുകിട്ടുന്ന തുകയിൽ



Digitized by Kerala Sahitya Akademi

നിന്നു് ഒന്നു കുറച്ചാൽ അതിൻെറ ഉത്തരം കിട്ടും. ആദ്യത്തെ കളത്തിൽ ഒരു നെന്മണി മാത്രം വയ്ക്കുന്നതുകൊണ്ടാണു് ഒന്നു കുറയ്ക്കുന്നതു്. ഇങ്ങനെ ക്രിയചെയ്താൽ കിട്ടുന്ന ഉത്തരം 184,446,744,000,000,000,000 എന്ന സംഖ്യയാണു്. ഇത്രയും നെന്മണികളുടെ തൂക്കം എത്ര വരുമെന്നു നോക്കാം. ഒരു ഗ്രാം നെല്ലിൽ ശരാശരി 38 മണികളാണുണ്ടാകും. അപ്പോൾ ഒരു കിലോഗ്രാം നെല്ലിൽ 38,000 മണികൾ. ഒരു മെട്രിക്കു് ടണ്ണിൽ 38,000,000 (3.8 കോടി). ഈ കണക്കനുസരിച്ചു് അമ്പലപ്പുഴ രാജാവിൻെറ പന്തയം കൊടുത്തുതീർക്കുന്നതിനു് 48,540 കോടി മെട്രിക്ക് ടൺ നെല്ലുവേണം. ഭൂമിയിൽ എല്ലാ രാജ്യങ്ങളിലുംകൂടി ഓരോ വർഷവും വിളയുന്ന നെല്ലിൻെറ കണക്കു് ഇന്നു് കൃത്യമായി അറിയാം. അതു് 26 കോടി മെട്രിക്കു് ടൺ ആണു്. അപ്പോൾ 1860 വർഷം ഭൂമിയിൽ ആകെ വിളയുന്ന നെല്ലു മുഴുവനും ശേഖരിച്ചാൽ മാത്രമേ രാജാവിൻെറ കടംവീട്ടുവാൻ സാധിക്കുകയുള്ളു. ദേവനാരായണൻ അന്തംവിട്ടുപോയതിൽ അത്ഭുതമുണ്ടോ?

ഭൂമിയിലെ ജനസംഖ്യ വർദ്ധിക്കുന്നതിൻെറ കണക്കു നോക്കിയാലും ഇതുപോലെ അന്ധാളിച്ചുപോകും. അതു് നൂറു വർഷത്തിനിടയ്ക്കു് മൂന്നുതവണ ഇരട്ടിക്കുന്ന രീതിയിൽ വദ്ധിച്ചു കൊണ്ടിരിക്കുകയാണു്. 1975—ലെ ലോക ജനസംഖ്യ 400 കോടി. 33 വർഷം കഴിയുമ്പോൾ അതു് 800 കോടിയാകും — ക്രിസ്തുവർഷം 2008-ൽ. വീണ്ടും 33 വർഷം കഴിയുമ്പോൾ (2041-ൽ) 1600 കോടി! ഇത്രവളരെ ആത്മാക്കൾക്കു് കുടിക്കാനുള്ള വെള്ളമെന്നല്ല, ശ്വസിക്കാനുള്ള പ്രാണവായു പോലും ഭൂമിയിൽ കിട്ടുകയില്ല. അതുകൊണ്ടാണു് ജനപ്പെരുപ്പത്തെ എത്രയും വേഗം നിയന്ത്രിക്കണമെന്നു് എല്ലാ രാജ്യക്കാരും മുറവിളികൂട്ടുന്നതു്. 80 കോടി ജനങ്ങളുള്ള ചൈനയും, 60 കോടിയുള്ള ഇന്ത്യയും ഈ വിഷയത്തിൽ ഏറ്റവും വലിയ ആപത്തിനെ അഭിമുഖീകരിക്കുകയാണു്. തന്നെ ജയിക്കുവാൻ ത്രിഭുവനത്തിൽ ആരുമില്ല എന്ന അഹങ്കാരമാണു് മനുഷ്യനെ ഈ നിലയിൽ എത്തിച്ചതു്. പ്രകൃതിയെ കീഴടക്കാമെന്നും, അനന്തമായ പുരോഗതിയിലൂടെ അഭംഗുരമായ ഐശ്വര്യം അനുഭവിക്കാമെന്നും അവൻ വ്യാമോഹിക്കുന്നു. ഭാവിപരമ്പ



Digitized by Kerala Sahitya Akademi

രകളെക്കുറിച്ചുള്ള ചിന്തപോലും ഇല്ലാതെയാണ് അവൻ ഭൂമിയിലെ വിഭവങ്ങൾ തിന്നുതീർക്കുന്നത്. പക്ഷേ വെറും എണ്ണുവടിക്കണക്കുകൊണ്ട് പ്രകൃതി അവനെ തോല്പിച്ച്, അഹങ്കാരം നശിപ്പിച്ച്, ഈ നൂററാണ്ട് അവസാനിക്കുന്നതിനു മുമ്പുതന്നെ അടിയറവു പറയിക്കുമെന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു. ദമ്പതികളുടെ നിയന്ത്രിച്ചതുപോലെ, കഷ്ടപ്പെടുവാൻ വേണ്ടിയുള്ള ജനനങ്ങളെയും നിയന്ത്രിക്കുക, അല്ലെങ്കിൽ ഒന്നോടെ നശിക്കുക, എന്ന രണ്ടു പോംവഴികളേയുള്ളു.

St. Joseph's Press, Trivandrum - 695014.

Digitized by Kerala Sahitya Akademi

# ജനനവും മരണവും

—ഡോക്ടർ കെ. ഭാസ്ക്കരൻ നായർ—

ചക്കയുടെയും മാങ്ങയുടെയും കാലമായി. ഇനി ഈച്ചയുടെയും ശല്യം വർദ്ധിക്കും. അതു മൂലം പകർച്ചവ്യാധികളും ഉണ്ടാകും. കഠിനമായ വേനലാണെങ്കിലും ഈച്ചയ്ക്കു് പെരുകുവാൻ പ്രയാസമില്ല. നാമൊന്നു ഊതിയാൽ പറക്കുന്ന ജീവിയാണു്; എങ്കിലും അതിനും നമ്മെ വിഷമിപ്പിക്കാൻ കഴിവുണ്ടു്. അതിനെ നിർമ്മാർജ്ജനം ചെയ്യാൻ എത്രയോ കാലമായി ലോകമാകെ നടത്തിക്കൊണ്ടിരിക്കുന്ന പ്രയത്നത്തിനു് പറയത്തക്ക ഫലമൊന്നും ഉണ്ടായിട്ടില്ല. ചില ദിക്കുകളിൽ അല്പകാലത്തേക്കു് അതിൻെറ ഉപദ്രവം ഒഴിവാക്കുവാൻ സാധിച്ചിരിക്കും; അത്രതന്നെ.

ഈച്ചയും മനുഷ്യനും തമ്മിലുള്ള ഈ മഹായുദ്ധത്തിൽ ഈച്ചയെ രക്ഷിക്കുന്നതു് അതിൻെറ പ്രത്യുൽപാദന ശക്തിയാണു്—പെററുപെരുകുവാനുള്ള കഴിവു്. സത്യത്തിൽ, ഈച്ച പെറുകയല്ല, മുട്ടയിടുകയാണു് ചെയ്യുന്നതു്. ഇക്കാരണത്താൽ അതിൻെറ ഈ ശക്തി അപാരമെന്നേ പറയാനുള്ളു. എന്തെന്നാൽ കുഞ്ഞുങ്ങളെ സ്വന്തം ഗർഭത്തിൽ ചുമന്നുകൊണ്ടു നടക്കേണ്ട ഭാരമില്ല. സൗകര്യമുള്ളതെന്നു തോന്നുന്ന സ്ഥലത്തു് മുട്ടയിട്ടിട്ടു് തൻെറ പാട്ടിനു പോകാം.

ഈച്ചയിൽ ആണും പെണ്ണുമുണ്ടു്. ഇവ ഇണചേർന്നതിനു ശേഷമാണു് പെണ്ണീച്ച മുട്ടയിടുന്നതു്. അങ്ങിനെ ഒരു ധർമ്മം ഒട്ടുമിക്ക ജന്തുക്കളുടെ കാര്യത്തിലും കാണുന്നുണ്ടു്. പക്ഷേ അതില്ലാതെ പെററുപെരുകുന്ന ജീവികളും ധാരാളമുണ്ടു്. എണ്ണം പെരുകുക എന്ന ആവശ്യം നിർവഹിക്കുവാൻ അത്തരം ജീവികൾ കൂടുതൽ സമർത്ഥമാണെന്നു് പറയേണ്ടിയിരിക്കുന്നു. മുട്ടയിടുന്നതിനു് ഒരു വ്യക്തി മാത്രം വിചാരിച്ചാൽ മതി. ഇണയെ തേടിപ്പിടിക്കേണ്ട ബുദ്ധിമുട്ടൊന്നുമില്ല. പയർച്ചെടിയുടെ വള്ളിത്തുമ്പുകളിൽ ചിലപ്പോൾ

Digitized by Kerala Sahitya Akademi

ഒരുതരം പ്രാണികൾ പൊററ പൊററയായി പററിപ്പിടിച്ചിരിക്കു ന്നതുകാണാം. അവ ചെടിയുടെ നീരെല്ലാം വലിച്ചെടുത്തു് അതി നു് കേടു വരുത്തും. ഈ പ്രാണി ഇണചേരാതെയാണു് പെരുകുന്ന തു്. ഇതുപോലെ വേറെയും എത്രയോ ഉദാഹരണങ്ങളുണ്ടു്.

ആണും പെണ്ണും സഹകരിക്കേണ്ടതുകൊണ്ടു് പ്രത്യൽപാദന കർമ്മ ത്തിൽ ഈച്ച മോശമാണെന്നു ധരിക്കരുതു്. ഒരു ജോടി ഈച്ച യിൽ നിന്നു് ഉണ്ടാകുന്ന മുട്ടയെല്ലാം വിരിഞ്ഞിറങ്ങി കുഞ്ഞുങ്ങൾ ക്കും, അവയുടെ കുഞ്ഞുങ്ങൾക്കും, ഒന്നിനും, യാതൊരാപത്തും കൂടാ തെ വളരുവാനും, യഥാസമയം പെരുകുവാനും സൗകര്യം ലഭിക്കുക യാണെങ്കിൽ, കേവലം അഞ്ചുമാസം കൊണ്ടു് ആ ഈച്ചക്കുടുംബ ത്തിൽ ആകപ്പാടെ, 191,010,000,000,000,000,000 ഈച്ചകളുണ്ടാ കും. ഈ സംഖ്യ അക്ഷരത്തിൽ എഴുതുവാൻ പ്രയാസമാണു്. പ്ര യാസപ്പെട്ടു എഴുതിയാലും പ്രയോജനമില്ല. മനസ്സിനു ഇത്ര വലി യ സംഖ്യകളുടെ പിടികിട്ടുകയില്ല. അതുകൊണ്ടു് അതിൻെറ വ ലിപ്പത്തെക്കുറിച്ചു് ഒരൂഹം കിട്ടുന്നതിനുവേണ്ടി മററൊരു ഉപായം നോക്കാം. ഒരു ഈച്ചക്കു് ഇരിക്കുവാൻ അരസ്സാൽ ($\frac{1}{8}$) ഘനയിഞ്ചു് സ്ഥലം വേണമെന്നു സങ്കല്പിക്കുക. ഈ അടിസ്ഥാനത്തിൽ മേല്പറ ഞ്ഞ ഈച്ചകൾ അത്രയും അണിനിരന്നു് ഇരുന്നാൽ ഭൂമുഖത്തു് അ തിനുവേണ്ട സ്ഥലം കാണുകയില്ല. അതുകൊണ്ടു് അവയെ ഒന്നിനു മുകളിൽ ഒന്നായി പല അട്ടികളിൽ അടുക്കേണ്ടിവരും. ഇങ്ങനെ അടുക്കിയാൽ ഈച്ചയുടെ അട്ടികൾക്കു് 47 അടി പൊക്കമുണ്ടാകും. ഭൂമിയുടെ ഉപരിതലത്തിൽ മുഴുവനും 47 അടി ഉയരത്തിൽ ഈച്ച തന്നെ.

ഒരു ജോടി ഈച്ചയിൽ നിന്നു് അഞ്ചുമാസംകൊണ്ടു് ഉണ്ടാകാവു ന്ന സന്താനങ്ങളുടെയും അവയുടെ സന്താന പരമ്പരകളുടെയും കഥ യാണിതു്. ഇത്ര ഭയാനകമായ പ്രത്യൽപാദന ശക്തി ഉണ്ടെങ്കിലും ഭൂമി ഒരു ഈച്ചപ്രപഞ്ചമായി മാറിയിട്ടില്ലെന്നു് പറയേണ്ടതില്ല ല്ലോ. ഒരു ജോടിയല്ല എത്രയോ ലക്ഷം ജോടി പെററുപെരുകി യിട്ടും അങ്ങനെയൊരു ആപത്തു് ഉണ്ടായിട്ടില്ല. പ്രകൃതിയുടെ സം ഹാരശക്തിയാണു് ഇതിൻെറ കാരണം. പ്രാണികൾ ജനിപ്പിക്കുന്ന സന്താനങ്ങളിൽ മഹാഭൂരിപക്ഷവും ചത്തുപോകുന്നു. ഏറെക്കുറെ ജനനത്തിൻെറ അളവിൽ തന്നെ മരണവും സംഭവിക്കുന്നുണ്ടായിരി



Digitized by Kerala Sahitya Akademi

ക്കണമെന്നുള്ളതു് സ്പഷ്ടമാണു്. അതല്ലെങ്കിൽ ഈച്ചയോ പൂച്ചിയോ ഏതെങ്കിലും ഒന്നിനെക്കൊണ്ടുതന്നെ ഭൂതലം നിറഞ്ഞുപോകുമായിരുന്നു. ഇക്കാര്യത്തിൽ പ്രകൃതിക്കു് യാതൊരു ദാക്ഷണ്യവുമില്ല. കണക്കില്ലാതെ പെരുകുന്ന ജീവജാലത്തെയെല്ലാം കൊന്നൊടുക്കിക്കൊണ്ടു് ഭദ്രകാളിയെപ്പോലെ അവരം സംഹാരതാണ്ഡവം നടത്തുകയാണു്. നിർദ്ദയമായ നിഗ്രഹ വിദ്യകരംകൊണ്ടു് ഭിന്നങ്ങളായ ജീവജാതികളിൽ ഓരോന്നിൻേറയും ജനസംഖ്യയെ അവരം നിയന്ത്രിക്കുന്നു.

ഈച്ചയുടെ കാര്യം പറഞ്ഞുവല്ലൊ. ഇനി ആനയുടെ കണക്കു നോക്കാം. എത്രയോ കുറഞ്ഞ തോതിൽ സന്താനങ്ങളെ ജനിപ്പിക്കുന്ന ഒരു ജന്തുജാതിയാണിതു്. പെൺപന്നി കൂടെക്കൂടെ വൃത്തികെട്ട സന്താനങ്ങളെ കണക്കില്ലാതെ പെററുകൂട്ടുമ്പോരം പിടിയാന എത്രയോ കാലം കൊണ്ടാണു് രാജാക്കന്മാരുടെ ലാളനത്തിനു പാത്രമാകുന്ന ഒരു ആനക്കുട്ടിയെ പ്രസവിക്കുന്നതു് എന്നു് സംസ്കൃത പണ്ഡിതന്മാർ ശ്ലോകം ഉദ്ധരിച്ചു് പറയാറുണ്ടു്. പത്തുതൊണ്ണൂറു വർഷത്തിനിടക്കു് ഒരു ജോടി ആന ശരാശരി ആറു് സന്താനങ്ങളെ ജനിപ്പിക്കുമെന്നാണു് കണക്കു്. എന്നാലും, ഒരു ജോടി ആനയിൽ നിന്നുണ്ടാകുന്ന എല്ലാ സന്താനങ്ങളും അവയുടെ സന്താനങ്ങളും ആപത്തില്ലാതെ ജീവിച്ചു് പെററു പെരുകിയാൽ, തൽഫലമായി 500 വർഷം കൊണ്ടു് 150 ലക്ഷം ആനകരം ഉണ്ടാകുമെന്നു കാണുന്നു. ഇതും അത്ര ചെറിയ സംഖ്യയൊന്നുമല്ല. പക്ഷേ ആനയുടെ ജനസംഖ്യയെയും പ്രകൃതി കർശനമായ രീതിയിൽ തന്നെ നിയന്ത്രിക്കുന്നു. ആ ജന്തുവിനെക്കൊണ്ടും ഭൂമി നിറഞ്ഞുപോകുന്നില്ല.

ഇങ്ങനെ നോക്കിയാൽ പ്രകൃതിയുടെ നിർദ്ദയമായ നിയന്ത്രണമുള്ളതുകൊണ്ടാണു് ഒരു ജന്തുവും ഭൂമിക്കു് ഭാരമായിത്തീരാതെ ശേഷിക്കുന്നതെന്നു കാണാം. പക്ഷേ, മനുഷ്യൻ എന്ന ജാതി കഴിഞ്ഞ പത്തു പതിനായിരം വർഷത്തിനിടയ്ക്കു് പ്രകൃതിയുടെ നിയന്ത്രണങ്ങളെ അതിലംഘിക്കുവാൻ ശക്തനായിത്തീർന്നിരിക്കുന്നു. മരണത്തിൻെറ നിരുപാധികമായ വിളയാട്ടത്തെ അവൻ സമർത്ഥമായി നിരോധിച്ചിരിക്കുകയാണു്. തന്നെ കൊന്നുതിന്നുവാൻ കാത്തിരിക്കുന്ന ഹിംസ്രമൃഗങ്ങളെയെല്ലാം അവൻ കീഴടക്കി. പ്രകൃതികോപത്തിൽനിന്നു് രക്ഷനേടുവാനുള്ള മാർഗ്ഗങ്ങരം കണ്ടുപിടിച്ചു.



17

Digitized by Kerala Sahitya Akademi

പകർച്ചവ്യാധികൾക്കും മഹാരോഗങ്ങൾക്കും നിവാരണ മാർഗ്ഗങ്ങളുണ്ടാക്കി. ഇങ്ങനെ മരണനിയന്ത്രണം സാധിച്ച് പ്രകൃതിയുടെ സംഹാരതന്ത്രത്തിൽ നിന്നു് മോചനം നേടിയപ്പോൾ ജന്തുസഹജമായ പ്രത്യുല്പാദനശക്തി തന്നെ ലോകത്തിനും, അവനു തന്നെയും, വിനയായി ഭവിച്ചിരിക്കുന്നു. മനുഷ്യന്റെ ഭാരമാണ് ഇന്നു് ഭൂമിക്കു് താങ്ങുവാൻ കഴിയാതെ വന്നിരിക്കുന്നതു്. ലോകം ഇന്നനുഭവിക്കുന്ന എല്ലാ ദുഃഖങ്ങളുടെയും മൂലകാരണം ഇതാകുന്നു. മരണത്തിന്റെ കാര്യത്തിൽ പ്രകൃതിയെ നിരോധിക്കുകയും, ജനനത്തിന്റെ കാര്യത്തിൽ നിരോധിക്കാതിരിക്കുകയും ചെയ്താൽ ജനപ്പെരുപ്പമാണ് ഫലമെന്നു ആർക്കും കാണാവുന്നതേയുള്ളു. നിർഭാഗ്യവശാൽ ഈ വസ്തുതയെ ആരും അതർഹിക്കുന്ന ഗൗരവത്തോടെ ഇനിയും കാണുന്നില്ല.

ഈ ആപത്തിൽ നിന്നു് രക്ഷപ്പെടുവാൻ രണ്ടുപോംവഴികളേയുള്ളു. ഒന്നുകിൽ, വൈകിപ്പോയെങ്കിലും, മരണത്തെ നിയന്ത്രിച്ചതുപോലെ ജനനത്തേയും നിയന്ത്രിക്കുക. അല്ലെങ്കിൽ മരണനിയന്ത്രണത്തെ കൈവെടിഞ്ഞു് പ്രകൃതിയുടെ സംഹാരശക്തിക്കു് കീഴടങ്ങുക. അന്യോന്യം എതിർത്തു നില്ക്കുന്ന രണ്ടു വിരുദ്ധശക്തികളിൽ ഒന്നിനെ മാത്രം നിരോധിച്ചാൽ മററതു് ജൃംഭിക്കും. ജനനവും മരണവും സമജോടിയിൽ നിന്നാൽ മാത്രമേ ലോകത്തിനു സുസ്ഥിതിയുള്ളു.

Digitized by Kerala Sahitya Akademi